(സി) ശ്രീ. ഹബീബ് റഹ്മാൻ. ടിയാന്റെ രാഷ്ട്രീയ പാർട്ടിയിലെ അംഗത്വത്തക്കുറിച്ച് അറിവില്ല.

(ഡി) തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

(ഇ) ഉണ്ട്.

(എഫ്) സി.പി.ഐ.(എം.)

(ജി) മരം മുറിച്ചു മാറ്റി എന്ന പരാതി 15.1.2000-ത്തിലാണ് ലഭിച്ച തെന്നും അന്വേഷണത്തിൽ 15 ദിവസം മുമ്പാണ് മരം മുറിച്ചു മാറ്റിയതെന്ന് കണ്ടുവെന്നും പരാതി ലഭിച്ച മുറയ്ക്ക് നടപടി സ്വീകരിക്കുവാൻ സെക്രട്ട റിയെ ചുമതലപ്പെടുത്തി എന്നുമാണ്.

(എച്ച്) മരം മുറിച്ചു മാറ്റിയത് എന്നാണെന്ന് കൃത്യമായി കണ്ടെത്തിയി ട്ടില്ല. മരം മുറിച്ചു മാറ്റപ്പെടുമ്പോൾ സസ്പെൻഷനിലുള്ള സെക്രട്ടറിയായിരുന്നു പഞ്ചായത്തിന്റെ ചുമതല വഹിച്ചിരുന്നത് എന്നാണ് അന്വേഷണ വിവരം.

(ഐ) 15.1.2000-ത്തിലാണ് സംഭവം ശ്രദ്ധയിൽപ്പെട്ടതെന്ന് പഞ്ചായത്ത് അധികൃതർ പറയുന്നു. 17.1.2000-ത്തിൽ പോലീസിന് പരാതി നൽകി.

(ജെ) ഇല്ല.

(കെ) മരം മുറിച്ചു മാറ്റപ്പെട്ട സംഭവത്തിൽ സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ സംബന്ധിച്ച് വിശദാന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

153 (734) ബി.ഡി.ഒ.മാരുടെ ഒഴിവുകൾ നികത്താൻ നടപടി

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഈ ഒഴിവുകൾ നികത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 46 ഒഴിവുകൾ.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

154 (735) ഡി.ഇ.ഒ.മാരെ പ്രോമോട്ടുചെയ്ത് ബി.ഡി.ഒ.മാരുടെ ഒഴിവ് നികത്താൻ നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്ക് ഓഫീസുകളിൽ ബി.ഡി.ഒ.മാ രില്ല എന്നതിന്റെ ലിസ്റ്റ് നൽകുമോ:

(ബി) ഈ ഒഴിവുകൾ ഉണ്ടായിട്ട് എത്ര വർഷമായി എന്ന് വ്യക്തമാ ക്കുമോ;

(സി) ബി.ഡി.ഒ.മാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly